**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3944** **15-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മെഡിക്കൽ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ മെഡിക്കൽ കോളേജിലെ നഴ്സിംഗ്, ഫാർമസി എന്നീ കോളേജ് അധ്യാപകർ, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരുടെ വർഗ്ഗീകരണവും തുടർ ആഗിരണ നടപടികളും പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കണ്ണൂർ മെഡിക്കൽ കോളേജിലെ നഴ്സിംഗ്, ഫാർമസി എന്നീ കോളേജ് അധ്യാപകർ, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരുടെ വർഗ്ഗീകരണവും തുടർ ആഗിരണ നടപടികളും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സർക്കാരിൽ ത്വരിത ഗതിയിൽ നടന്നു വരികയാണ്. ഇക്കാര്യത്തിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദേശം 28/06/2022, 29/06/2022, 07/07/2022 തീയതികളിലെ കത്തുകളിലൂടെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നൽകിയിരിക്കുകയാണ്. ആയതിനുള്ള മറുപടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമാകുന്ന മുറക്ക് അടിയന്തര നടപടികൾ ഇക്കാര്യത്തിൽ കൈക്കൊള്ളുന്നതാണ്. |
| (ബി) | സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കും നടപ്പിലാക്കുന്ന മെഡിസെപ് പദ്ധതി കണ്ണൂർ മെഡിക്കൽ കോളേജിലെ എല്ലാ ജീവനക്കാർക്കും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ റഗുലർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ മെഡിസെപ്പ് പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്നാവശ്യപ്പെട്ട് കേരള എൻ.ജി.ഒ യൂണിയൻ സമർപ്പിച്ച നിവേദനം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ